**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3426** **05-08-2021 - ൽ മറുപടിയ്ക്ക്**

**റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സാമ്പത്തികമായി ഞെരുക്കുന്ന കേന്ദ്രസർക്കാരിന്റെ നടപടികൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കേന്ദ്രസർക്കാർ കൈക്കൊണ്ടവികലമായ സാമ്പത്തിക നയങ്ങളുടേയും നോട്ട് നിരോധനത്തിന്റേയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടേയും പരിണിതഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തികമാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയേയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിൽ ഉണ്ടായ രണ്ട് പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റേയും ചരക്ക്സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ വായ്പ പരിധി വെട്ടിച്ചുരുക്കിയ കേന്ദ്രസർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രകൃതി ദുരന്തങ്ങളും കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യ സമയത്ത് നൽകാത്തതും മുൻവർഷങ്ങളിൽ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും മേൽ പരാമർശിത നയങ്ങളുടെ തുടർച്ചയും നടപ്പ് സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതോടൊപ്പം കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും |

| | | | |
|---|---|---|---|
| | | | അർഹതപ്പെട്ടതുമായ സാമ്പത്തിക സഹായം നൽകുന്നതിൽ കേന്ദ്ര സർക്കാർ തുടരുന്ന നിസ്സംഗതയും സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ കോവിഡ് സൃഷ്ടിച്ച ആഘാതവും സാമ്പത്തിക പ്രതിസന്ധി കൂടുതൽ രൂക്ഷമാക്കിയിട്ടുണ്ട്. |
| (ബി) | കോവിഡിന്റെ പശ്ചാത്തലത്തിലുണ്ടായ സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ എത്രമാത്രം ബാധിക്കുമെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | മഹാപ്രളയങ്ങളും കോവിഡും സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതിയിൽ വലിയ ആഘാതമാണ് സൃഷ്ടിച്ചിട്ടുള്ളത്. കോവിഡ്-19 മഹാമാരിയും ലോക്ക്ഡൗണും സംസ്ഥാന സമ്പദ്ഘടനയിൽ ചെലുത്തിയ ആഘാതം സംബന്ധിച്ച കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ ദ്രുതഗതിയിലുള്ള വിലയിരുത്തലനുസരിച്ച് കേരള സമ്പദ് വ്യവസ്ഥയുടെ മൊത്തം മൂല്യ വർദ്ധനവില 2020-2021 ഒന്നാം പാദത്തിലെ പ്രതീക്ഷിത നഷ്ടം ഏകദേശം 80,000 കോടി രൂപയാണ്. കോവിഡിനെ തുടർന്ന് രൂപീകരിച്ച വിദഗ്ദ സമിതികളുടെ റിപ്പോർട്ടുകൾ പ്രകാരം 2020-21 ൽ റവന്യൂ വരുമാനത്തിൽ 33,456 കോടി രൂപയുടെ കുറവുണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കോവിഡ് മഹാമാരി സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ സൃഷ്ടിച്ച പ്രത്യാഘാതം കാരണം കഴിഞ്ഞ വർഷം 2020-2021-ൽ നമ്മുടെ മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനം (GSDP) 3.82 ശതമാനം കണ്ട് കുറയുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. 2021-22-ൽ 6.60 ശതമാനം കുത്തനെയുള്ള സാമ്പത്തിക വളർച്ച വീണ്ടെടുക്കുമെന്ന് നാം പ്രതീക്ഷിച്ചിരുന്നെങ്കിലും കോവിഡ് - 19 മഹാമാരിയുടെ രണ്ടാം തരംഗം ഈ പ്രതീക്ഷയ്ക്ക് ഒരു പ്രതിബന്ധമാകാൻ സാദ്ധ്യതയുണ്ട്. GSDP യുടെ വളർച്ചയിലുള്ള മാന്ദ്യം സ്വാഭാവികമായും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനങ്ങളിൽ അതിന്റെ പ്രതികൂല ഫലങ്ങൾ കൊണ്ടുവരുന്നതാണ്. 2020-21-ൽ ബജറ്റ് എസ്റ്റിമേറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 18.77 ശതമാനം ഇടിവ് ഇതിനകം ഉണ്ടായിട്ടുണ്ട്. 2021-22-ൽ റവന്യൂ വരുമാനത്തിൽ 40.67 ശതമാനം കുത്തനെയുള്ള വളർച്ച പ്രതീക്ഷിക്കുന്നുവെങ്കിലും ഉയർന്ന കോവിഡ്- 19 കേസുകൾ അനിവാര്യമാക്കിയ ലോക്ഡൗണിന്റെ അനന്തരഫലമായി ഇതിന് പ്രതിബന്ധങ്ങൾ ഉണ്ടാകാവുന്നതാണ്. അധികചെലവ് ബാദ്ധ്യത കളോടൊപ്പം സംസ്ഥാന ധനസ്ഥിതിക്ക്, ഉയർന്ന വരുമാന കമ്മിയും അതുപോലെ ധനകമ്മിയും ഉണ്ടാകാൻ സാധ്യതയുണ്ട്. വാക്സിനേഷനിലൂടെ കോവിഡ് മഹാമാരി നിയന്ത്രിക്കുവാൻ സാധിച്ച |

| | | | |
|---|---|---|---|
| | | | കഴിഞ്ഞാൽ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു |
| (സി) | സംസ്ഥാനത്തിന്റെ തനതു നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ ലീവ് സറണ്ടർ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ വിഷയത്തിൽ 05.11.2020-ലെ സ.ഉ.(അ)നം.152/2020/ധന. ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആസൂത്രണ സാമ്പത്തികകാര്യ (സിപിഎംയു) വകുപ്പിന്റെ 25.10.2019 – ലെ സ.ഉ (കൈ) നം.457/2019/പി&ഇ.എ ഉത്തരവ് പ്രകാരം സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാനും വിഭവസമാഹരണം മെച്ചപ്പെടുത്തുവാനും ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ചിട്ടുള്ള വിഭവ സമാഹരണ കമ്മിറ്റി (RMC) –യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ വ്യക്തമായ ശുപാർശ സമർപ്പിക്കുന്നതിന് എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നല്കിയിരുന്നു. വകുപ്പ് മേധാവികളിൽ നിന്നും ലഭ്യമാകുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി |

| | | | |
|---|---|---|---|
| | | | അടയ്ക്കുന്നതിനുള്ള നടപടികൾ. ഇന്റലിജൻസ് വിഭാഗം ഊർജിതമായ വാഹന പരിശോധന, കട പരിശോധന, ടെസ്റ്റ് പർച്ചേസ്, എ. എൻ . പി . ആർ . ക്യാമറ (ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ ക്യാമറ) സംവിധാനം ഉപയോഗിച്ചുള്ള വാഹന പരിശോധന, പഴയ ചെക്ക് പോസ്റ്റ് പ്രദേശങ്ങളിൽ പ്രത്യേക സർവൈലൻസ് സ്ക്വാഡുകൾ, രെജിസ്ട്രേഷൻ ബാധ്യത ഉള്ളവരെ കണ്ടെത്തി രെജിസ്‌ട്രേഷൻ എടുപ്പിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനായി തിരുവനന്തപുരം - അമരവിള, പാലക്കാട് – വാളയാർ കാസർഗോഡ് - ബംഗ്റമഞ്ചേശ്വരം എന്നിവിടങ്ങളിൽ കമാൻഡ് സെന്ററുകൾ സ്ഥാപിച്ച് റോഡുകളിൽ സ്ക്വാഡുകളുടെ സജീവ സാന്നിധ്യം ഉറപ്പാക്കിയിട്ടുണ്ട്. ഇന്റലിജൻസ് സ്ക്വാഡുകളുടെ വാഹനങ്ങളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുകയും ഉദ്യോഗസ്ഥർക്ക് " ബോഡിവോൺ " ക്യാമറയുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അണ്ടർ വാല്യൂവേഷൻ കേസുകൾ , ബില്ല് തുടങ്ങിയവ ജി . എസ് . റ്റി പോർട്ടലിലേക്ക് അപ്‌ലോഡ് ചെയ്യൽ എന്നിവയ്ക്ക് മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കി . ജി എസ് ടി യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം സെക്ടർ തിരിച്ചുള്ള പരിശോധനകൾ വഴിയും ഡാറ്റ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും തട്ടിപ്പുകൾ തടയാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | നികുതി പിരിവ് കാര്യക്ഷമമാക്കുവാനും നികുതി കുടിശ്ശിക പിരിച്ചെടുക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ ലീവ് സറണ്ടർ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ വിഷയത്തിൽ 05.11.2020-ലെ സ.ഉ. (അ)നം.152/2020/ധന. ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആസൂത്രണ സാമ്പത്തികകാര്യ (സിപിഎംയു) വകുപ്പിന്റെ 25.10.2019 – ലെ സ.ഉ |

(കൈ) നം.457/2019/പി&ഇ.എ ഉത്തരവ് പ്രകാരം സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാനും വിഭവസമാഹരണം മെച്ചപ്പെടുത്തുവാനും ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ചിട്ടുള്ള വിഭവ സമാഹരണ കമ്മിറ്റി (RMC) –യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ വ്യക്തമായ ശുപാർശ സമർപ്പിക്കുന്നതിന് എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നല്കിയിരുന്നു. വകുപ്പ് മേധാവികളിൽ നിന്നും ലഭ്യമാകുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള നടപടികൾ. ഇന്റെലിജൻസ് വിഭാഗം ഊർജിതമായ വാഹന പരിശോധന, കട പരിശോധന, ടെസ്റ്റ് പർച്ചേസ്, എ. എൻ . പി . ആർ . ക്യാമറ (ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ ക്യാമറ) സംവിധാനം ഉപയോഗിച്ചുള്ള വാഹന പരിശോധന, പഴയ ചെക്ക് പോസ്റ്റ് പ്രദേശങ്ങളിൽ പ്രത്യേക സർവൈലൻസ് സ്ക്വാഡുകൾ, രെജിസ്ട്രേഷൻ ബാധ്യത ഉള്ളവരെ കണ്ടെത്തി രെജിസ്ട്രേഷൻ എടുപ്പിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനായി തിരുവനന്തപുരം - അമരവിള, പാലക്കാട് – വാളയാർ കാസർഗോഡ് - ബംഗ്ലമഞ്ചേശ്വരം എന്നിവിടങ്ങളിൽ കമാൻഡ് സെന്ററുകൾ സ്ഥാപിച്ച് റോഡുകളിൽ സ്ക്വാഡുകളുടെ സജീവ സാന്നിധ്യം ഉറപ്പാക്കിയിട്ടുണ്ട്. ഇന്റലിജൻസ് സ്ക്വാഡുകളുടെ വാഹനങ്ങളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുകയും ഉദ്യോഗസ്ഥർക്ക് " ബോഡിവോൺ " ക്യാമറയുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | അണ്ടർ വാല്യൂവേഷൻ കേസുകൾ , ബില്ല് തുടങ്ങിയവ ജി . എസ് . റ്റി പോർട്ടലിലേക്ക് അപ്‌ലോഡ് ചെയ്യൽ എന്നിവയ്ക്ക് മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കി .     ജി എസ് ടി യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം സെക്ടർ തിരിച്ചുള്ള പരിശോധനകൾ വഴിയും ഡാറ്റ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും തട്ടിപ്പുകൾ തടയാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ